(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ സ്പെഷ്യൽ റൂൾസിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നും ആയത് എന്നേക്ക് നടപ്പിലാക്കുമെന്നും വ്യക്തമാക്കാമോ ;

(ഡി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിന് വരുന്ന കാലതാമസം മൂലം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർക്ക് അവരുടെ കാലാവധി കഴിഞ്ഞതുമൂലം സ്പെഷ്യൽ റൂളിന്റെ ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1993 മുതൽ വി.എച്ച്.എസ്.ഇ.യിൽ നോൺ വൊക്കേഷണൽ ലക്ചറേഴ്സ് ആയി ഡെപ്യൂട്ടേഷനിൽ നിയമനം ലഭിച്ച് ഇപ്പോഴും അതേ നിലയിൽ തുടരുന്നവർ ആരും തന്നെയില്ല. 1994-ലും അതിനുശേഷവും നോൺവൊക്കേഷണൽ ലക്ചറേഴ്സ് ആയി ഡെപ്യൂട്ടേഷനിൽ നിയമിതരായവരിൽ 117 പേർ ഇപ്പോഴും തുടരുന്നുണ്ട്.

(ബി) ഒരു വർഷത്തേയ്ക്ക് ആണ് സർക്കാർ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. പ്രസ്തുത ഡെപ്യൂട്ടേഷൻ കാലാകാലങ്ങളിൽ ദീർഘിപ്പിച്ച് അഞ്ച് വർഷം വരെ ഡെപ്യൂട്ടേഷൻ സർക്കാർ നൽകി വരുന്നു. അഞ്ച് വർഷക്കാലാവധി കഴിഞ്ഞിട്ടും തുടരുന്ന 8 നോൺ വൊക്കേഷണൽ അദ്ധ്യാപകരുണ്ട്.

(സി) സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറായി. സംഘടനകളുമായുള്ള ചർച്ചകൾ പൂർത്തിയായിക്കഴിഞ്ഞു. എത്രയും വേഗം സ്പെഷ്യൽ റൂൾസ് നടപ്പിലാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ഡി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമ്പോൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ കാര്യം കൂടി പരിശോധിക്കുന്നതാണ്.

മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ പി.എഫ്. വിഭാഗത്തിന്റെ പ്രവർത്തനം

60 (2040) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ പി.എഫ്. വിഭാഗത്തിന്റെ പ്രവർത്തനം ഡി.പി.ഐ. നേരിട്ട് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ജില്ലയിലെ എയിഡഡ് സ്കൂളുകളിൽ നിന്നും മറ്റു ജില്ലകളിലെ സ്കൂളുകളിൽ നിയമിതരായിട്ടുള്ളവരുടെ പി.എഫ്. തുക ജി.പി.എഫ്-ൽ ലയിപ്പിക്കുന്നതിനായി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത അപേക്ഷകരുടെ പേരും അപേക്ഷിച്ച വർഷവും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ജോലിയിൽ ഉദാസീനത വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ഡി.പി.ഐ-ക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1-2-2000-നു ശേഷം ലഭിച്ച നാൽപ്പത് അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(സി) വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി&ഇ) ഇക്കാര്യത്തിൽ ആരും ഉദാസീനത വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹയർ സെക്കണ്ടറി സ്കൂളുകളോട് ചേർന്ന് ലോവർ പ്രൈമറി സ്കൂളുകൾ

61 (2041) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളോടു ചേർന്ന് എത്ര ലോവർ പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം പ്രവർത്തിക്കുന്നതുകൊണ്ട് ഭരണപരമായ കാര്യങ്ങൾ നടത്തുന്നതിന് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഇത്തരം സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിനുള്ള കെട്ടിടനിർമ്മാണം ആരും ഏറ്റെടുക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭരണപരമായ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും പ്രൈമറി വിഭാഗം വേർപെടുത്തി വിദ്യാഭ്യാസ ഉപജില്ല ഭരണത്തിന്റെ കീഴിൽ ആക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

ഗവൺമെന്റ് എൽ.പി.എസ്	–	8
എയിഡഡ് എൽ.പി.എസ്	–	4
അൺ എയിഡഡ് എൽ.പി.എസ്	–	1
ആകെ	–	13

(ബി) ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly